RFP പ്രസിദ്ധീകരിച്ചിട്ടുണ്ട്. e-tender സമർപ്പിക്കാനുള്ള അവസാന തീയതി 9-1-2015 വൈകിട്ട് 5 മണി ആണെന്ന് സൂചിപ്പിക്കുന്ന പത്ര പരസ്യം 8-1-2015-ൽ മലയാള മനോരമ, ഹിന്ദുസ്ഥാൻ ടൈംസ് എന്നീ പത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുണ്ട്.

(ബി) വേദികൾക്കാവശ്യമായ അഗ്നിശമനസുരക്ഷാ ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് ശിപർശ നൽകിയത് അഗ്നിശമനസേനാ കമാൻഡന്റ് ജനറലാണ്. ശിപാർശ ചെയ്ത 14 ഇനങ്ങളിൽ 8 എണ്ണം മാത്രം വാങ്ങിയാൽ മതിയെന്നും ആകെ ചെലവ് ഒരു കോടിയിൽ അധികരിക്കരുതെന്നും 22-12-2014-ൽ കൂടിയ പർച്ചേസ് കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്തു. 24-12-2014-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി ഇതു അംഗീകരിക്കുകയും അന്നു തന്നെ e-tender വെബ്പോർട്ടലിൽ RFP പ്രസിദ്ധീകരിക്കുകയും ചെയ്തു. ആവശ്യം യഥാസമയം പരിശോധിക്കുകയും, അത്യാവശ്യമായ ഇനങ്ങൾ നിശ്ചിത തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തി വാങ്ങാൻ ഉത്തരവാദിത്തപ്പെട്ട കമ്മിറ്റികൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, സുതാര്യമായിത്തന്നെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) ടെണ്ടറിൽ പങ്കെടുത്തത് കൊച്ചിൻ ഫയർടെക് എന്ന സ്ഥാപനം മാത്രമാണ്.

(ഡി) മൊത്തം 76,95,810 രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയുണ്ടായി. ഉപകരണങ്ങൾ വാങ്ങാനായി എസ്റ്റിമേറ്റ് തുക ടെണ്ടർ പരസ്യത്തിൽ പറയാറില്ല.

(ഇ) ടെണ്ടർ സംബന്ധിച്ച് പ്രത്യേക പരാതികളൊന്നും ലഭിച്ചിട്ടില്ല.

ദേശീയ ഗെയിംസിന്റെ ചെലവ്

287 (293) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ സംഘാടന ചെലവ്, പരസ്യം എന്നിവയ്ക്കായി പൊതുജനങ്ങളിൽ നിന്നോ സ്ഥാപനങ്ങളിൽനിന്നോ പണം പിരിക്കാൻ സംഘാടക സമിതിയോ സർക്കാരോ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ആർക്കെല്ലാമായിരുന്നു പിരിവിന്റെ ചുമതല; എത്ര രൂപയാണ് പിരിക്കാൻ തീരുമാനിച്ചത്; എത്ര രൂപ പിരിഞ്ഞുകിട്ടി;വിശദമാക്കാമോ;

(സി) പിരിവിന് ഏതെങ്കിലും വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) പിരിവിന് തീരുമാനിച്ചിട്ടില്ലെങ്കിൽ സംസ്ഥാനത്ത് പിരിവ് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ദേശീയ ഗെയിംസിന്റെ ചെലവ്

288 (294) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി, എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക ചെലവഴിച്ചത് എപ്പോഴൊക്കെയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണെന്നും തരംതിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

ദേശീയ ഗെയിംസിന്റെ സംഘാടക കമ്മിറ്റികൾ

289 (295) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് നയപരവും സാമ്പത്തിക ബാധ്യത വരുത്തുന്നതുമായ തീരുമാനങ്ങൾ എടുത്തത് ഏത് കമ്മിറ്റിയാണ്;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ഭാരവാഹികൾ ആരൊക്കെയാണ്; എത്ര തവണ പ്രസ്തുത കമ്മിറ്റി യോഗം ചേരുകയുണ്ടായി;

(സി) ബന്ധപ്പെട്ട കമ്മിറ്റികളിൽ ചർച്ച ചെയ്ത തീരുമാനം എടുക്കാതെ എന്തെങ്കിലും ചെലവ് നടത്തുകയുണ്ടായിട്ടുണ്ടോ;

(ഡി) സാമ്പത്തിക കാര്യങ്ങളിലും നയപരമായ സംഗതികളിലും തീരുമാനം എടുക്കാനുള്ള അധികാരവും പ്രസ്തുത കമ്മിറ്റികൾക്ക് സർക്കാർ ഉത്തരവ് വഴി നല്കുകയുണ്ടായിട്ടുണ്ടോ; നിക്ഷിപ്തമായ അധികാരങ്ങൾക്ക് പുറത്ത് എന്തെല്ലാം തീരുമാനങ്ങൾ എടുക്കുകയുണ്ടായെന്ന് പരിശോധിച്ചിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly